മത്രയും അത് അനുവദിക്കാതിരിക്കുന്നത് വളരെ ഖേദകരമായിപ്പോയി, ഇനിയെങ്കിലും അനുവദിക്കാനുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ : സർ, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെൻറ് മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയിൽ ഒരു ജോയിൻറ് ആർ. ടി. ഒ. ആഫീസ് തുടങ്ങണം എന്നതിനെ സംബന്ധിച്ച് ഒരു നിർദ്ദേശം തന്നിട്ടുണ്ട്. അവിടെ മാത്രമല്ല, കോട്ടയം ജില്ലയിലെ വയ്ക്കം, ചങ്ങനാശ്ശേരി, കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് കൂടി പെരിന്തൽമണ്ണയോടൊപ്പം പ്രോ പോസ് ചെയ്തിട്ടുണ്ട്. അതുമാത്രമല്ല, മറയൂർ, ഗോവിന്ദപുരം, മീനാക്ഷിപുരം, ആനക്കെട്ടി, ക്ഷയ്നാട്ടി, വഴിക്കടവ് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ ചെക്കു പോസ്റ്റുകളും തുടങ്ങേണ്ടതാണെന്നുള്ള നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ ഗവൺമെൻറിന് നൽകിയിട്ടുണ്ട്. ഈ സൗകര്യങ്ങളും ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തുമ്പോൾ കൂടുതലായി 11,68,000 ത്തോളം ഉറുപ്പിക വാർഷികചെലവ് വരുന്നുണ്ട്. ഏതാണ്ട് 25 ലക്ഷത്തിലധികം രൂപ ഈയിനത്തിൽ നമുക്ക് കൂടുതലായി റവന്യൂ വരുമാനം ഉണ്ടാകുന്നതുമാണ്. ഇപ്പോൾ നെയ്യാറ്റിൻകര താലൂക്കിൽ തന്നെ രണ്ട് ജോയിൻറ് ആർ. ടി. ഒ. ആഫീസുകളുണ്ട്. അതായത് പാറശ്ശാലയിലും നെയ്യാറ്റിൻകരയിലും, അതുപോലെ തന്നെ കോട്ടയം ജില്ലയിലെ ഉഴവൂരിൽ വളരെ കുറച്ചു വാഹനങ്ങളും മാത്രമേയുള്ളൂ. വളരെ കുറച്ചു റവന്യൂ റിസോഴ്സസ് മാത്രമേ അവിടെ നിന്നും കിട്ടുന്നുള്ളൂ. അപ്പോഴും അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വളരെ വിശദമായി പരിശോധിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ താലൂക്കിന് ഓരോ ആർ. ടി. ഒ. ആഫീസ് എന്ന മാനദണ്ഡം ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഒന്നിലധികം ജോയിൻറ് ആർ. ടി. ഒ. ആഫീസുകളും എവിടെയെല്ലാമുണ്ട്, അങ്ങനെയുള്ള താലൂക്കുകളും എത്രയുണ്ട്, എന്ന കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ഈ ചെക്കുപോസ്റ്റുകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട സമയവും അതിക്രമിച്ചിരിക്കുകയാണ്. നമുക്ക് കൂടുതൽ റവന്യൂ റിസോഴ്സസ് ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഇക്കാര്യം വിശദമായി പരിശോധിച്ച് നടപടികളും സ്വീകരിക്കാൻ ഇരിക്കുകയാണ്. ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൻെറ കൺകറൻസ് കൂടി കിട്ടിയിൽ മാത്രമേ ഇതുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഈ കാര്യങ്ങളും ഗവൺമെൻറിൻെറ സജീവമായ പരിഗണനയിലിരിക്കുകയാണെന്നുള്ള വിവരം ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു.

(4) നാദാപുരം നിയോജകമണ്ഡലത്തിലെ കാവിലുംപാറ വില്ലേജിലെ തോട്ടക്കാട് ഭൂമിയുടെ കൈവശാവകാശം

ശ്രീ. കെ. ടി. കുണാരൻ : സർ, എൻെറ നിയോജക മണ്ഡലത്തിൽപ്പെട്ട കാവിലുംപാറ മരുതാങ്ങര വില്ലേജുകളിൽ തോട്ടക്കാട് ഭൂമി എന്നറിയപ്പെടുന്ന സുമാർ 400 ഏക്കറോളം വരുന്ന ഭൂമി കഴിഞ്ഞ ആറേഴ് വർഷക്കാലമായി നൂറുകണക്കിന് ഭൂരഹിതരും കൃഷിക്കാരുമായിട്ടുള്ള ആളുകളും കൈവശം വച്ച് കൃഷി ചെയ്തും, കുഴിക്കൂർ ചമയങ്ങളും വച്ച് പിടിപ്പിച്ച്, താമസിച്ചു വരികയാണ്. അവർക്ക് അവരുടെ ഭൂമിയെ സംബന്ധിച്ച് ഒരു കൈവശ രേഖ സർവേ നടത്തി, അർഹരായിട്ടുള്ള ആളുകൾക്ക് കൊടുക്കണം, കൈവശരേഖ കൊടുത്താൽ അവരുടെ പൊതുവായ ജീവിതത്തിനും അഭിവൃദ്ധിക്കും സഹായകരമായ തരത്തിൽ ആ ഭൂമി പണയം വയ്ക്കാനും അതുപോലുള്ള കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ചെയ്യാനും കഴിയും. അതുകൊണ്ട് ഗവൺമെൻറ് അവർക്ക് കൈവശ രേഖ നൽകാൻ ആവശ്യമായ നടപടികളും എടുക്കണം. തോട്ടക്കാട് ഭൂമി എന്നറിയപ്പെടുന്ന ഭൂമി ഒരു മിച്ചഭൂമി എന്ന നിലയ്ക്ക് ഭൂരഹിതരായിട്ടുള്ള ആളുകളും സമരം നടത്തി നേടിയെടുത്തിട്ടുള്ള ഭൂമിയാണ്. അതുപോലെ തന്നെ മറ്റു ചില ആളുകളും അവകാശപ്പെട്ടവർ എന്നു പറഞ്ഞുകൊണ്ട് രേഖ വാങ്ങിച്ചിട്ടുണ്ട്. പക്ഷെ രണ്ടു സർവ്വേ നമ്പരുകളിൽ കിടക്കുന്ന ഭൂമിയായതു കൊണ്ട് കൈവശാവകാശത്തെപ്പറ്റിയുള്ള തർക്കം നിലനിൽക്കുന്നു. അവർക്കാർക്കും തന്നെ ഇതേവരെ കൈവശ പട്ടയം കൊടുത്തിട്ടില്ല. അതുകൊണ്ട് ഈ രണ്ടു വില്ലേജുകളിലെ തോട്ടക്കാട് ഭൂമിയിലെ കൈവശ കൃഷിക്കാർ യഥാർത്ഥ കൈവശം കൃഷിക്കാർ ആര് എന്ന് പരിശോധിക്കുവാൻ റവന്യൂ ഡിപ്പാർട്ടുമെൻറും അതുപോലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറും തമ്മിൽ കൂടിയാലോചിച്ച് സയുക്തമായി ഒരു വെരിഫിക്കേഷൻ നടത്തി അർഹരായ യഥാർത്ഥ കൈവശക്കാർക്ക് അവിടെ താമസിച്ചു വരുന്നവർക്ക് കൃഷിയോഗ്യമാക്കിതീർത്തിട്ടുള്ള കുഴിക്കൂർ ചമയങ്ങളും വച്ചുപിടിപ്പിച്ചിട്ടുള്ള യഥാർത്ഥ കൃഷിക്കാർ ആരെന്ന് പരിശോധിച്ച് അതിൻെറ അടിസ്ഥാനത്തിൽ അവർക്ക് കൈവശ പട്ടയം നൽകാൻ, കൈവശരേഖ നൽകാൻ ആവശ്യമായ അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോട് അപേക്ഷിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അന്തരിച്ച ശ്രീ. വി. കെ. കൃഷ്ണമേനോൻെറ കുടുംബ വകയായ ജന്മഭൂമിയാണ് തോട്ടക്കാട് ഭൂമി. ഇതിൽ ചിലർ കൈവശാവകാശം ഉന്നയിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലിൻെറ മുൻപിൽ കേസ് സുണ്ട്. ഈ കേസ് മിച്ചഭൂമി ആണെന്നുള്ള കേസ്-ലാൻഡ് ബോർഡിൻെറ മുൻപിലും ഉണ്ട്. ഈ രണ്ടുകാര്യങ്ങളിലും ഏറ്റവും വേഗം തീരുമാനം എടുക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്. ലാൻഡ് ബോർഡിൻെറ മുൻപിലും ലാൻഡ് ട്രൈബ്യൂണലിൻെറ മുൻപിലും കേസ്സുള്ളതുകൊണ്ട് അവർക്ക് ഈ കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

(5) എറണാകുളത്തെ ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. പി. പി. തങ്കച്ചൻ: സർ, കൊച്ചി സംസ്ഥാനം നിലവിലിരുന്ന അവസരത്തിൽ ഏതാണ്ട് 140 വർഷങ്ങൾക്കു മുൻപ് കൊച്ചി സംസ്ഥാനത്തിൻെറ ജനറൽ ആശുപത്രിയെന്നുള്ള നിലയിലാണ് എറണാകുളം ജനറൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചത്. കഴിഞ്ഞ 50 വർഷക്കാലമായി എറണാകുളം ജനറൻ ആശുപത്രയിൽ വികസനപ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ലെന്നുള്ള ദുഃഖകരമായ സത്യം ഞാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പിൻെറ ചുമതലകൂടി വഹിക്കുന്ന മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഏതാനും സമയത്തിനു മുൻപ് ഇവിടെ പറഞ്ഞു ഏറ്റവും കൂടുതൽ വാഹനങ്ങളുള്ളതും, ഓടുന്നതും ഏറ്റവും കൂടുതൽ വാഹനാപകടങ്ങളും ഉണ്ടാകുന്നതും, കൊച്ചിൻ പട്ടണത്തിലാണെന്ന്. പക്ഷേ എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു ന്യൂറോ സർജറി വിഭാഗം പോലും പ്രവർത്തിക്കുന്നില്ലായെന്നുള്ള വസ്തുത ഞാനീയവസരത്തിൽ പ്രത്യേകമായി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുകയാണ്. തന്നെയുമല്ല, വളരെ പഴകിയ രണ്ട് ഓപ്പറേഷൻ തീയേറ്ററുകളാണ് ഇന്നും ആ ആശുപത്രിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പേ വാർഡിൽ ആകെ 30 ബെഡ്ഡുകൾക്കുള്ള സ്ഥലസൗകര്യം മാത്രമേയുള്ളൂ. ഏറ്റവും ചുരുങ്ങിയത് ഒരു ജനതാ പേ വാർഡ് എങ്കിലും ആരംഭിച്ച് 100

LIBRARY ARCHIVES Kerala Legislative Assembly